പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1843

7.3.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ

ചോദ്യം

മറുപടി

ശ്രീ.എം. രാജഗോപാലൻ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്ത് വികലാംഗ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ സമയബന്ധിതമായി നികത്താൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | Persons with Disabilities Act 1995 ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ G.O(P)No.60/2015/സാ.നീ.വ തീയതി 22.9.2015 പ്രകാരം ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാനനയം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. Rights of Persons with Disabilities Act 2016 ന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാന നയം നവീകരിക്കുന്നതിനുള്ള നടപടികളും ടി നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>Persons with Disabilities Act, 1995 പ്രകാരം നിശ്ചിത ഭിന്നശേഷിക്കാർക്ക് അവർക്കായി നിയമനം നൽകാൻ സർക്കാർ കണ്ടെത്തിയ തസ്തികകളിൽ 3% സംവരണം നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ആയതു പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പ്രസ്തുത തസ്തികകളിൽ നിയമനം നൽകി വരുന്നു. Rights of Persons with Disabilities Act, 2016 പ്രകാരം പ്രസ്തുത സംവരണം 4% ആയി ഉയർത്തുകയും പുതുതായി ടി ആക്ടിലെ സെക്ഷൻ 34(1) d, e ക്ലാസിൽപ്പെടുന്ന ഓട്ടിസം, ഇന്റലക്ച്വൽ ഡിസെബിലിറ്റി ബാധിച്ചവർ, മൾട്ടിപ്പിൾ ഡിസെബിലിറ്റി |

| | |
|---|---|
| | ഉള്ളവർ തുടങ്ങി രണ്ടു ഭിന്നശേഷി വിഭാഗക്കാരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കായുള്ള സംവരണം 4% ആയി ഉയർത്തുമ്പോൾ അവർക്കായി നീക്കി വയ്ക്കാവുന്ന തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തസ്തികകൾ കണ്ടെത്തുന്ന മുറയ്ക്ക് ഭിന്നശേഷിക്കാർക്കായി നീക്കിവയ്ക്കുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ